]

<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 1309 — 08.2.2013- ൽ മറുപടിക്ക്

## <u>സംസ്ഥാന കയർ മേള</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, വി. പി. സജീന്ദ്രൻ<br>,, പി. എ. മാധവൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്ത് ഈ വർഷം കയർ മേള സംഘടിപ്പിച്ചിട്ടുണ്ടോ; വിശദ മാക്കമോ ; | (എ) 2013 ഫെബ്രുവരി 1 മുതൽ 6 വരെ ആലപ്പുഴയിൽ കയർ മേളയായ "കയർ കേരള 2013" സ ംഘടിപ്പിക്കുകയാണ്. |
| ബി) എത്ര രാജ്യങ്ങളിൽനിന്നുള്ള പ്രതിനിധികളാണ് ഈ മേളയിൽ പങ്കെടുക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം: | (ബി)ഏകദേശം 52 രാജ്യങ്ങളിൽ നിന്നുള്ള 170-ഓളം വിദേശ ബയർമാർ ഇതിൽ പ ങ്കെടുക്കുന്നുണ്ട്. പ്രധാനമായും യു.എസ്.എ, സൗത്ത് ആഫ്രിക്ക, ബ്രസീൽ, ആസ്ത്രേലിയ, ചൈന, ജ ർമ്മനി, നെതർലാൻഡ്, സ്പെയിൻ എന്നീ രാജ്യങ്ങളിൽ നിന്നുള്ളവരാണ് പ ങ്കെടുക്കുന്നത്. |
| (സി) എത്ര കോടി രൂപയുള്ള നേരിട്ടുള്ള ഉൽപ്പന്നങ്ങളുടെ വിപണനത്തിനാണ് മേളയിൽ ഒരുക്കിയിരിക്കുന്നത്; വിശദമാക്കുമോ ; | (സി) ബയർമാരുടെ അഭിരുചിയും ആവശ്യവും കണക്കിലെടുത്തുള്ള ഉൽപ്പന്നങ്ങളാണ് പ്രധാനമായും പ്ര ദർശിപ്പിക്കുന്നത്. മേളയോടനുബന്ധിച്ച് ഏകദേശം 200 കോടി രൂ പയുടെയെങ്കിലും ബിസിനസ് നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ഡി) മറ്റ് വർഷങ്ങളേക്കാൾ വിറ്റുവരവിൽ എത്ര വർദ്ധനവാണ് ഈ വർഷം പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ഡി) കഴിഞ്ഞ വർഷത്തിന്റെ ഇരട്ടിയെങ്കിലും വിറ്റുവരവിൽ വർദ്ധനവ് പ്രതീക്ഷിക്കുന്നു. |

| | |
|---|---|
| (ഇ) കയർ മേഖലയിൽ ഗവേഷണ സാങ്കേതിക വിവരങ്ങൾ കൈമാറ്റം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ മേളയിൽ എടുത്തിട്ടുണ്ട്? | (ഇ) കയർ കേരള 2013-ൽ പ ങ്കെടുത്ത് ഇന്റർ - നാഷണൽ സെമിനാറിൽ പ്രബന്ധം അ വതരിപ്പിക്കുന്ന ശാസ്ത്രജ്ഞർ ഉൾപ്പെടെയുള്ള പ്രഗ ത്ഭരുടെ നിർദ്ദേശങ്ങളും കണക്കിലെടുത്ത് പുതിയ പുതിയ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കാൻ സാങ്കേതിക വിദ്യകൾ കൈമാറുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതുപോലെ തന്നെ വിവിധ രാജ്യങ്ങളിൽ നിന്നു വരുന്ന ബയർമാരുടെ അഭിരുചിക്കനുസരിച്ചുള്ള പുതിയ പുതിയ ഉൽപ്പന്നങ്ങൾ രൂപകല്പന ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ